തിരുവനന്തപുരം ജലസേചനവും ഭരണവും

**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ- ശിവദാസൻ.എം. )

വിഷയം : ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ശ്രീമതി.മീന.സി, ക്ലാർക്കിനെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1) 14.05.2024 ലെ CEIA/6870/2023/VIG7 നമ്പരിലുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും

2) 09.07.2024-ൽ ലഭ്യമായ ശ്രീമതി മീന സി യുടെ കത്തിന്റെ പകർപ്പ്.

3) 07.08.2024 ലെ CEIA/6870/2023/VIG7 നമ്പർ ഉത്തരവ്

4) 24.08.2024 ലെ അന്വേഷണ റിപ്പോർട്ട്

5) 15.10.2024 - ലെ CEIA/6870/2023/VIG7 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ് നമ്പർ CEIA / 6870 / 2023 / VIG.7 തീയതി 24-01-2025**

പാലക്കാട്, ശിരുവാണി പ്രോജക്ട് സർക്കിൾ കാര്യാലയത്തിലെ ക്ലർക്കായിരുന്ന ശ്രീമതി.മീന.സി, പുനർ വിന്യാസ വ്യവസ്ഥയിൽ മലമ്പുഴ എൽ.എസ്.ജി.ഡി സബ് ഡിവിഷനിലേക്ക് മാറുകയും, 15 വർഷത്തെ ശൂന്യവേതനാവധിക്കു ശേഷം 21.10.2023 ൽ സർവ്വീസിൽ പുനഃപ്രവേശിക്കാതെ ടി തിയതി മുതൽ അനധികൃതമായി അവധിയിൽ തുടർന്നു. 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ടിയാൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ആയത് കൈപ്പറ്റി, ടിയാൾ പരാമർശം (2) പ്രകാരം **നൽകിയ മറുപടിയിൽ VRS ആയി അനുവദിക്കണമെന്നുള്ള അപേക്ഷ നൽകുകയുണ്ടായി. VRS** അഥവാ സ്വയം വിരമിക്കൽ എന്നാൽ ഒരു ഉദ്യോഗസ്ഥൻ **20 വർഷത്തെ** യോഗ്യതാസർവീസ് പൂർത്തിയാക്കിയിട്ട് പെൻഷൻ ആവശ്യപെട്ട സർവീസിൽ നിന്നും പിരിഞ്ഞു പോകുമ്പോൾ നൽകുന്ന പെൻഷൻ ആണ് (Rule 56(1)KSR.). ശ്രീമതി. മീന സി പ്രസ്തുത യോഗ്യത സർവീസ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടി അപേക്ഷ പരിഗണിക്കാൻ സാധിക്കുകയില്ല.

തുടർന്ന് പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിക്കുകയും, പരാമർശം (4) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ടിയാൾ നിലവിൽ ചെന്നൈയിലാണ് താമസിക്കുന്നത് എന്ന് വ്യക്തമായി. ശൂന്യവേതനാവധിക്കു ശേഷം യഥാസമയം തിരികെ ജോലിയിൽ പ്രവേശിക്കാതെയിരിക്കുകയും, അച്ചടക്ക നടപടി എടുത്തതിനെ തുടർന്ന് സ്വമേധയാ വിരമിക്കുന്നതിനുള്ള കത്ത് നൽകുകയും ചെയ്തത് ടിയാളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം 21.10.2023 മുതൽ ശ്രീമതി.മീന സി.യെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം അറിയിച്ചുകൊണ്ടുള്ള

പരാമർശം (5) പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി ടിയാൾ നൽകിയ മറുപടിയിൽ വീണ്ടും ആവശ്യപ്പെട്ട VRS ആയി പരിഗണിക്കണമെന്നുള്ള അപേക്ഷ മേൽ വിവരിച്ച കാരണങ്ങളാൽ സ്വീകരിക്കാൻ സാധിക്കില്ല.. ആയതിനാൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ക്ലർക്കായ ശ്രീമതി മീന.സി.-യെ 21.10.2023 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

Signed by Sivadasan M
Date: 24-01-2025 09:41:31
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്:-

ശ്രീമതി.മീന.സി,
FLAT No. 1012,
VELACHERY, THAMBARAM ROAD,
NARAYANAPURAM, PALLIKARANAI, CHENNAI, 600100.

പകർപ്പ്

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട്,
2) VIG 8 Section,
3) സീനിയർ സൂപ്രണ്ട് (' ബി ' സെക്ഷൻ ),
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി. സെൽ (to publish in official web site)